**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **29-09-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സ്മാർട്ട് കൃഷിഭവനുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിനു ലഭ്യമാക്കുകയും ചെയ്യുക. കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുകയും അങ്ങനെ കർഷകർക്ക് പരമാവധി സേവനം നൽകുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ വഴി ഉദ്ദേശിക്കുന്നത്. ഇതിനായി കൃഷി ഭവനുകളുടെ പുനർനിർമ്മാണം കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ, കൃഷിഭവനുകളുടെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ നവീകരണം, ഓഫീസ് നടപടിക്രമങ്ങളുടെ ഡിജിറ്റലൈസേഷനും സാങ്കേതിക വിദ്യയുടെയും ഇന്റർനെറ്റ് വിവരങ്ങളുടെയും കൈമാറ്റത്തിൽ ഇന്റർനെറ്റ് ഓഫ് തിങ്സ് (IOT) യുടെ ഉപയോഗം, ഇ- ഗവേണൻസിലൂടെയും സാങ്കേതിക വിദ്യ സംയോജിപ്പിച്ചും കൃഷി ഭവനുകളെ നവീകരിക്കുകയും ചെയ്യുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് എത്ര സ്മാർട്ട് കൃഷിഭവനുകളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 13 കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റിയിട്ടുള്ളത്.<br><br>ഇവയിൽ അരുവാപ്പലം, നീണ്ടൂർ, തൊണ്ടർനാട്, ചെറുതാഴം, കരകുളം, കയ്യൂർ ചീമേനി, പെരുവെമ്പ് എന്നീ 7 കൃഷിഭവനുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, കോട്ടുവള്ളി, അയ്യന്തോൾ, പട്ടാമ്പി, പനങ്ങാട്, പുത്തിഗെ, വണ്ണപ്പുറം എന്നീ 6 കൃഷിഭവനുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ എത്ര സ്മാർട്ട് കൃഷിഭവനുകളാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ പനങ്ങാട് കൃഷി ഭവൻ മാത്രമാണ് സ്മാർട്ട് കൃഷി ഭവനായി തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ